ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.02.2025**

## പ്രധാനവാർത്തകൾ

1) പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ ആദ്യ പാദം പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. കേന്ദ്ര ബജറ്റിൻമേലുള്ള ചർച്ചയ്ക്ക് ധനമന്ത്രി നിർമലാ സീതാരാമൻ ഇന്ന് രാജ്യസഭയിൽ മറുപടി നൽകി.
2) പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ വേഗത്തിലാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. അടുത്ത മാസം 3 ന് സഭ വീണ്ടും സമ്മേളിക്കും.
3) സംസ്ഥാനത്ത് റോഡ് അപകടങ്ങൾ മൂലമുണ്ടാകുന്ന മരണനിരക്ക് കുറഞ്ഞതായി ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ
4) സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ 3 °C വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ്.
5) 38-ാമത് ദേശീയ ഗെയിംസിന് നാളെ സമാപനം. ഐ.എസ്. എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ - നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പോരാട്ടം.

&&&&&&&&&&&&&&&&&&&&

RNU TVPM

## പ്രധാനമന്ത്രി -യു എസ്

ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ അമേരിക്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റുമായി ഉഭയകക്ഷി ചർച്ച നടത്തും. അമേരിക്കയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും. ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കിയാണ് ശ്രീ.മോദി അമേരിക്കയിലെത്തിയത്.

****************************

## ലോകസഭ

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന്റെ ആദ്യ പാദം പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. അടുത്തമാസം 10 ന് സഭ വീണ്ടും ചേരും. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിൻ മേലുള്ള നന്ദിപ്രമേയ ചർച്ചയിൽ 177 അംഗങ്ങളും 2025-26ലെ പൊതു ബജറ്റിനെക്കുറിച്ചുള്ള ചർച്ചയിൽ 170 അംഗങ്ങളും പങ്കെടുത്തതായി സ്പീക്കർ ഓം ബിർള അറിയിച്ചു. അതേസമയം കേന്ദ്ര ബജറ്റിൻമേലുള്ള ചർച്ചയ്ക്ക് ധനമന്ത്രി നിർമലാ സീതാരാമൻ ഇന്ന് രാജ്യസഭയിൽ മറുപടി നൽകി.

RNU TVPM

****************************

## വഖഫ് (ഭേദഗതി) ബിൽ

പ്രതിപക്ഷ പ്രതിഷേധങ്ങൾക്കിടയിൽ വഖഫ് (ഭേദഗതി) ബിൽ 2024 സംബന്ധിച്ച സംയുക്ത സമിതി റിപ്പോർട്ട് ഇന്ന് പാർലമെൻ്റിൻ്റെ മേശപ്പുറത്ത് വച്ചു. റിപ്പോർട്ടിൽ പ്രതിപക്ഷ അംഗങ്ങൾക്ക് വിയോജനക്കുറിപ്പുകൾ ചേർക്കാൻ സ്പീക്കർ അനുമതി നൽകിയാൽ എതിർക്കില്ലെന്ന് കേന്ദ്ര

ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞു. എന്നാൽ റിപ്പോർട്ടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി. പ്രതിപക്ഷ അംഗങ്ങൾ നൽകിയ വിയോജനക്കുറിപ്പുകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗെ ആരോപിച്ചു. ബിൽ രാജ്യസഭ രാവിലെ അംഗീകരിച്ചിരുന്നു.

****************************

## ആദായനികുതി ബിൽ (ഇൻട്രോ)

ആദായനികുതി ബിൽ 2025 ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ അവതരിപ്പിച്ചു. ആദായനികുതിയുമായി ബന്ധപ്പെട്ട നിയമം ഏകീകരിക്കാനും ഭേദഗതി ചെയ്യാനും ലക്ഷ്യമിടുന്നതാണ് ബിൽ. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ പുതിയ ആദായനികുതി നിയമം ലളിതമാക്കിയതായി ബിൽ അവതരിപ്പിച്ചു കൊണ്ട് കേന്ദ്രധനമന്ത്രി പറഞ്ഞു.

RNU TVPM

(വോയിസ്)

സൂക്ഷ്മപരിശോധനയ്ക്കായി ബിൽ പാർലമെന്റ് സെലക്ട് കമ്മിറ്റിക്ക് അയക്കണമെന്നും അടുത്ത സമ്മേളനത്തിൽ തന്നെ സമിതി റിപ്പോർട്ട് നൽകണമെന്നും ധനമന്ത്രി നിർദ്ദേശിച്ചു.

****************************

## കേരള നിയമസഭ

പ്രതിപക്ഷ ബഹളത്തെ തുടർന്ന് നടപടികൾ വേഗത്തിലാക്കി നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. അടുത്ത മാസം 3 ന് സഭ വീണ്ടും സമ്മേളിക്കും. പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങൾക്ക്

2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പദ്ധതികൾ വെട്ടിക്കുറച്ച സാഹചര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിന് സ്പീക്കർ അനുമതി നിഷേധിച്ചിരുന്നു. തുടർന്ന് പ്രതിപക്ഷ നേതാവ് നടത്തിയ വാക്ക് ഔട്ട് പ്രസംഗം സ്പീക്കർ തടസ്സപ്പെടുത്തിയെന്നാരോപിച്ച പ്രതിപക്ഷം, മുദ്രാവാക്യം വിളിച്ച് സഭയുടെ നടുത്തളത്തിലിറങ്ങുകയായിരുന്നു. ഇതോടെയാണ് സഭ ഇന്നത്തേക്ക് പിരിഞ്ഞത്. എ പി അനിൽ കുമാർ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. പട്ടിക ജാതി പട്ടിക വർഗ വിഭാഗക്കാർക്കുള്ള പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയത് ക്ഷേമ പദ്ധതികളെ ഗൗരവമായി ബാധിക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു.എന്നാൽ പട്ടികജാതി പട്ടിക വർഗ വിഭാഗത്തിന്റെ പദ്ധതികൾ കാര്യക്ഷമമായാണ് സർക്കാർ നടത്തുന്നത് എന്ന് മന്ത്രി ഒ ആർ കേളു മറുപടി നൽകി. പട്ടിക ജാതി പട്ടിക വർഗ വിഭാഗങ്ങൾക്കുള്ള തുക വെട്ടിക്കുറച്ചിട്ടില്ലെന്ന് മന്ത്രി കെ എൻ ബാലഗോപാലും സഭയെ അറിയിച്ചു.

*****************************

RNU TVPM

## കെ ബി ഗണേഷ് കുമാർ (INTRO)

സംസ്ഥാനത്ത് റോഡ് അപകടങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ടെങ്കിലും മരണനിരക്ക് കുറഞ്ഞിട്ടുണ്ടെന്ന് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാർ. റോഡപകടങ്ങൾക്കുള്ള പ്രധാന കാരണം വാഹനം ഓടിക്കുന്നവരുടെ അശ്രദ്ധയും നിലവാരമില്ലാത്ത ഡ്രൈവിങ്ങുമാണ്. റോഡുകളുടെ വീതി വർധിപ്പിക്കാത്തതും അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും ശ്രീ ഗണേഷ് കുമാർ വ്യക്തമാക്കി.

(വോയിസ്)

*****************************

## യു ജി സി -ആർ ബിന്ദു.

യു ജി സി കരട് മാർഗ നിർദേശങ്ങളുമായി ബന്ധപ്പെട്ട് ഈ മാസം 20 ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. കേരളത്തിൽ ജനപ്രതിനിധികളും അധ്യാപകരും വിദ്യാർത്ഥികളും ഉൾപ്പെടെ പങ്കെടുക്കുമെന്നും മന്ത്രി പറഞ്ഞു. നിയമസഭയിൽ ചോദ്യോത്തരവേളയിൽ മറുപടി നൽകുകയായിരുന്നു ശ്രീമതി ബിന്ദു.

*****************************

## സയന്റിസ്റ്റ് കോൺക്ലേവ്

ശാസ്ത്രജ്ഞരുടെ സംഗമമായ സയന്റിസ്റ് കോൺക്ലേവ് കോഴിക്കോട് ജലവിഭവ വികസന കേന്ദ്രത്തിൽ മറ്റെന്നാൾ നടക്കും.കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലെയും ശാസ്ത്രജ്ഞരുമായി മുഖ്യമന്ത്രി പിണറായി വിജയൻ സംവദിക്കും . ശാസ്ത്ര സാങ്കേതിക മേഖലയിലെ കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ നയ രൂപീകരണം ആണ് പ്രധാന ലക്ഷ്യം .

*****************************

## കെ.എസ്.യു മാർച്ച് സംഘർഷം

തൃശ്ശൂർ ഡി.ഐ.ജി ഓഫീസിലേക്ക് കെ.എസ്.യു നടത്തിയ മാർച്ചിൽ സംഘർഷം. തൃശ്ശൂർ മാളയിൽ നടന്ന ഡീ-സോൺ കലോത്സവത്തിനിടെ ഉണ്ടായ സംഘർഷത്തിൽ പോലീസ് ഏകപക്ഷീയമായി നടപടിയെടുക്കുന്നു എന്ന്

RNUTVPM

ആരോപിച്ചായിരുന്നു മാർച്ച്. പോലീസ് ലാത്തിച്ചാർജ്ജിൽ കെഎസ്‌യു സംസ്ഥാന പ്രസിഡന്റ് ഉൾപ്പെടെ മൂന്നുപേർക്ക് പരിക്കേറ്റു.

******************************

## തലശ്ശേരി തുറമുഖവികസനം (ഇൻട്രോ)

തലശ്ശേരി തുറമുഖവികസനത്തിനായി കയ്യേറ്റ ഭൂമി ഒഴിപ്പിക്കുനതിനുള്ള സർവ്വേ ഈ മാസം 20 ന് ആരംഭിക്കും. നിയമസഭാ സ്പീക്കർ എ എൻ ഷംസീറിൻറെ അധ്യക്ഷതയിൽ സ്പീക്കറുടെ ചേംബറിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

**(വോയിസ്)**

******************************

## വ്യോമ സേന-ഫയലുകൾ

വ്യോമ സേനയിൽ നിന്നും വിരമിച്ചവരുടെ വ്യക്തിഗത ഫയലുകൾ അഞ്ച് വർഷത്തിൽ കൂടുതൽ സൂക്ഷിയ്ക്കേണ്ടതില്ല എന്ന നയത്തിന്റെ ഭാഗമായി ,ഫയലുകൾ ജൂലൈയിൽ മാറ്റിത്തുടങ്ങുമെന്ന് വ്യോമസേനാ റിക്കാർഡ്സ് വിഭാഗം അറിയിച്ചു. 2001 മുതൽ 2005 വരെ വിരമിച്ചവരുടെ, കോടതി നടപടി ഇല്ലാത്ത വ്യക്തിഗത ഫയലുകളാണ് ആദ്യം നീക്കം ചെയ്യുന്നത്. ആർക്കെങ്കിലും വ്യക്തിഗത ഫയലുകൾ ആവശ്യമുണ്ടെങ്കിൽ നേരിട്ട് അധികൃതരെ സമീപിക്കാം.

******************************

RNU TVPM

## റേഡിയോ ദിനം

ലോക റേഡിയോ ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് ആകാശവാണി തിരുവനന്തപുരം റിക്രിയേഷൻ ക്ലബ് പൂജപ്പുര ശ്രീചിത്തിര തിരുനാൾ ഓഡിറ്റോറിയത്തിൽ ശ്രോതാക്കളുടെ സംഗമം സംഘടിപ്പിച്ചു. ശ്രോതാക്കൾക്കായി പ്രസംഗമത്സരം, ക്വിസ് മത്സരം തുടങ്ങിയവ സംഘടിപ്പിച്ചു.

*****************************

## കാലാവസ്ഥ

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 മുതൽ 3 °C വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഉയർന്ന ചൂട് നിർജ്ജലീകരണം, സൂര്യാഘാതം എന്നിവയ്ക്ക് കാരണമാകുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്.

RNU TVPM

*****************************

## ദേശീയ ഗെയിംസ്

38-ാമത് ദേശീയ ഗെയിംസിലെ മത്സര ഇനങ്ങൾ ഇന്ന് സമാപിക്കും. നാളെ ഹൽദ്വാനി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് സമാപന ചടങ്ങുകൾ. വനിതകളുടെ 500 മീറ്റർ കെ 4 കാനോൻ കയാക്കിങ്ങിൽ കേരളം ഇന്ന് വെങ്കലം നേടി. നിലവിൽ 14-ാം സ്ഥാനത്താണ് കേരളം. സർവീസസ് ഒന്നാം സ്ഥാനത്തും മഹാരാഷ്ട്ര രണ്ടാമതുമാണ്.

*****************************

## ഐ എസ് എൽ

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ , ഇന്ന് ജംഷഡ്പൂർ , നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. ജെ.ആർ.ഡി ടാറ്റ സ്പോർട്സ് കോംപ്ലക്സ് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

*****************************

## എംഎൽഎ ഉമാ തോമസ്

കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഉണ്ടായ വീഴ്ചയെ തുടർന്ന് ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലായിരുന്ന തൃക്കാക്കര എംഎൽഎ ഉമാ തോമസ് ആശുപത്രി വിട്ടു. കഴിഞ്ഞ 46 ദിവസത്തോളം ആയി സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

RNU TVPM

*****************************

## നിശാഗന്ധി

നിശാഗന്ധി നൃത്തോത്സവത്തിന് നാളെ തിരശീല ഉയരും . കനകക്കുന്ന് കൊട്ടാരം ഗ്രൗണ്ടിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന നൃത്തോത്സവം മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ പ്രമുഖ കഥക് വിദഗ്ദ്ധൻ പണ്ഡിറ്റ് രാജേന്ദ്ര ഗംഗാനിക്ക് മന്ത്രി നിശാഗന്ധി പുരസ്കാരം സമ്മാനിക്കും.

*****************************

## പകുതി വില തട്ടിപ്പ്

പകുതി വിലയ്ക്ക് ഇരുചക്രവാഹനങ്ങളും ഗൃഹോപകരണങ്ങളും വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ സംഭവത്തെക്കുറിച്ച് കണ്ണൂരിൽ പോലീസ് പരാതി സ്വീകരിക്കുന്നില്ലെന്ന് തട്ടിപ്പിന് ഇരയായവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഇതുമായി

ബന്ധപ്പെട്ട് തിങ്കളാഴ്ച കണ്ണൂർ സിറ്റി കമ്മീഷണർ ഓഫീസിലേക്ക് മാർച്ച് നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു .കണ്ണൂർ ജില്ലയിൽ രണ്ടായിരത്തിലേറെ സ്ത്രീകളാണ് ഇരുചക്ര വാഹനത്തിനായി ബുക്ക് ചെയ്യുന്നത് .

*

******************

**************************************

RNU TVPM